പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 620 09-07-2013-ൽ മറുപടിയ്ക്ക്

തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ഇ.പി. ജയരാജൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തീവ്രവാദ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ നിരീക്ഷിക്കപ്പെട്ട മതമൗലികവാദ/മതതീവ്രവാദ പ്രവർത്തനങ്ങളും അവ നടത്തിയ സംഘടനകളെയും കുറിച്ച് വിശദമാക്കുമോ; | (എ) പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന മതമൗലികവാദ/മത തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങൾ സംസ്ഥാന ഇന്റലിജൻസ് വിഭാഗവും മറ്റും നിരന്തരം സൂക്ഷ്മമായി നിരീക്ഷിച്ചുവരുന്നുണ്ട്. ദേശസുരക്ഷയെ ബാധിക്കുമെന്നതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്താനാവില്ല. |
| (ബി) സമുദ്രാതിർത്തിവഴിയുള്ള ഭീകര പ്രവർത്തനം തടയുന്നതിന് തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ അനന്തരനടപടികൾ സ്വീകരിക്കുന്നതിനും സാദ്ധ്യമാകുന്നുണ്ടോ; ഇതിനായുള്ള ഏകോപനസമിതിയുടെ ഏറ്റവും ഒടുവിലത്തെ യോഗം നടന്നത് എന്നാണ്? | (ബി) തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട ഏജൻസികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നുണ്ട്. നാഷണൽ കമ്മിറ്റി ഓൺ സ്ട്രെങ്ത്തനിംഗ് മാരിടൈം ആന്റ് കോസ്റ്റൽ സെക്യൂരിറ്റി (NCSMCS) 2012 നവംബർ 30-ന് ഡൽഹിയിൽ ഏഴാമത് യോഗം ചേരുകയുണ്ടായി. സംസ്ഥാന സർക്കാർ തലത്തിലുള്ള ഏകോപനസമിതി 2013 ജൂൺ 25-ന് യോഗം ചേർന്ന് തീരദേശ സുരക്ഷയുമായി ബന്ധപ്പെട്ട സ്ഥിതിഗതികൾ വിലയിരുത്തുകയുണ്ടായി. |

സെക്ഷൻ ഓഫീസർ